മണ്ണന്തല—കേശവദാസപുരം റോഡ് വികസനം

65 [647] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ മണ്ണന്തല-കേശവദാസപുരം റോഡിന്റെ വികസന നവീകരണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് അവസ്ഥയിലാണെന്ന് അറിയിക്കാമോ;

(ബി) ഈ വികസന പ്രവർത്തനം കരാർ പ്രകാരം പൂർത്തിയാക്കേണ്ടിയിരുന്നത് എപ്പോഴായിരുന്നു; വൈകിയതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്;

(സി) കേരള വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ് എന്നിവരുമായി പ്രസ്തുത റോഡ് വികസനവുമായി ബന്ധപ്പെട്ട് കരാറുകളോ ധാരണയോ ഉണ്ടാക്കാൻ മരാമത്ത് വകുപ്പ് നടപടി എടുത്തിട്ടുണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ഡി) കേശവദാസപുരം ജംഗ്ഷനിലും മണ്ണന്തല ജംഗ്ഷനിലും നിരന്തരമായ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നടപടി കൈക്കൊള്ളുമോ;

(ഇ) മണ്ണന്തല ജംഗ്ഷനിലെ ദേശീയ പാതയിൽ റോഡിന്റെ പകുതി ഭാഗം മീറ്ററുകളോളം കുഴിച്ചു താഴ്ത്തി റിപ്പയർ ചെയ്യാതെ ഉപേക്ഷിച്ചിരിക്കുന്നതിനാൽ വാഹനഗതാഗതം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഗതാഗത തിരക്കുള്ള ഈ ഭാഗം അടിയന്തിരമായി യാത്രായോഗ്യമാക്കാൻ നടപടി കൈക്കൊള്ളുമോ;

(ജി) ദേശീയപാതയിലെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഗവൺമെന്റ് ഏജൻസികളുടെ സഹകരണത്തോടെ ആസൂത്രണം ചെയ്യാനും സമയബന്ധിതമായി പൂർത്തിയാക്കാനും സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) മണ്ണന്തല-കേശവദാസപുരം റോഡിന്റെ മണ്ണന്തല മുതലുള്ള 1.60 കി. മീ. റോഡിന്റെ വീതികൂട്ടൽ പണി പുരോഗമിച്ചുവരികയാണ്. ഓടയുടെ പണി 90% പൂർത്തിയായി. റോഡിന്റെ വീതികൂട്ടുന്നത് 75% പൂർത്തിയായിട്ടുണ്ട്. ബാക്കി പണികൾ ത്വരിതഗതിയിൽ പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

(ബി) കരാർ പ്രകാരം ഈ പണി 2003-ൽ പൂർത്തിയാക്കേണ്ടതായിരുന്നു. കരാറുകാരന് പാർട്ട് ബില്ലിന്റെ പണം കൊടുക്കാൻ 31-3-2005-ൽ മാത്രമേ സാധിച്ചുള്ളൂ. അതിനുശേഷം ഏപ്രിൽ ഒന്നാം വാരം തന്നെ പണി ആരംഭിച്ചുവെങ്കിലും ഏപ്രിൽ മാസത്തിൽ അപ്രതീക്ഷിതമായി ആരംഭിച്ച കാലവർഷം പണിയുടെ പുരോഗതിയെ സാരമായി ബാധിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) നടപടി എടുത്തിരുന്നു.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) നടപടി സ്വീകരിച്ചുവരുന്നു.

(ജി) സമയബന്ധിതമായി പണി പൂർത്തിയാക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

തിരുനെൽവേലി—തിരുവനന്തപുരം പാത നിർമ്മാണം

66 [648] *ശ്രീ. ജി. കാർത്തികേയൻ:* താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുനെൽവേലി, കോട്ടൂർ, കാട്ടാക്കട വഴി തിരുവനന്തപുരത്തേക്ക് പുതിയ പാത നിർമ്മിക്കുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തു നിന്നും എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

Project Report സമർപ്പിക്കാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

കല്ലുവാതുക്കൽ ജംഗ്ഷൻ നാലുവരിപ്പാത നിർമ്മാണം

67 [649] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ലുവാതുക്കൽ ജംഗ്ഷൻ നാലുവരി പാതയാക്കുന്നത് സംബന്ധിച്ച് എന്ത് നടപടി ഇതുവരെ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കല്ലുവാതുക്കൽ ജംഗ്ഷൻ അഭിവൃദ്ധിപ്പെടുത്തുന്നതിനായി 2004-2005-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 49.10 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ ഈ ജംഗ്ഷൻ ഉൾപ്പെടുന്ന ചേർത്തല മുതൽ കളിയിക്കാവിള വരെയുള്ള എൻ. എച്ച്. 47 ന്റെ ഭാഗം നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിനുള്ള നടപടികൾ കേന്ദ്ര ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly